## കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ സാമ്പത്തിക ക്രമക്കേടുകൾ

125 (5188) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം 2013 മുതൽ 2021 ജൂൺ മാസം വരെയുള്ള കാലയളവിൽ എച്ച്.ഡി.എഫ്.സി. ബാങ്കിൽ ഗഡുക്കളായി എത്ര കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്; ആയതിനുള്ള സർക്കാരിന്റെയും മ്യൂസിയം ഗവേണിംഗ് ബോഡിയുടെയും തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം എച്ച്.ഡി.എഫ്.സി. ബാങ്കിൽ 2013 മുതൽ 2021 ജൂൺ വരെ നിക്ഷേപിച്ച തുകയുടെ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.* പ്രസ്തുത പട്ടികയിൽ 2018 നവംബറിനുശേഷം കാണിച്ചിരിക്കുന്ന നിക്ഷേപങ്ങളൊന്നുംതന്നെ പുതുതായി നടത്തിയതല്ല. എന്നാൽ കോട്ടയം സയൻസ് സിറ്റിയുടേയും ചാലക്കുടി മേഖലാ ശാസ്ത്രകേന്ദ്രത്തിലേയും പ്ലാനറ്റോറിയം ഉപകരണങ്ങൾ ഇറക്കുമതി ചെയ്യുന്നതുമായി ബന്ധപ്പെട്ട തുകകൾ സ്ഥിരനിക്ഷേപ കാലാവധി കഴിയുന്നതിനനുസരണമായി പുതുക്കി നിക്ഷേപിച്ചതാണ്. എച്ച്.ഡി.എഫ്.സി. ബാങ്കിൽ നിക്ഷേപിക്കാൻ സർക്കാരിൽനിന്നും അനുമതി വാങ്ങിയിട്ടില്ല. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ 2-5-2013-ൽ ചേർന്ന 34-ാമത് ഗവേണിംഗ് ബോഡിയുടെ '34.07', തീരുമാനപ്രകാരം തിരുവനന്തപുരം പ്ലാനറ്റോറിയത്തിന്റെ നവീകരണത്തിനായി വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന സാധന സാമഗ്രികൾ വാങ്ങാൻ എച്ച്.ഡി.എഫ്.സി. ബാങ്കിൽ ലെറ്റർ ഓഫ് ക്രെഡിറ്റ് (LC) തുടങ്ങാനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചുകൊള്ളുന്നു*.

(ബി) കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം എച്ച്.ഡി.എഫ്.സി. ബാങ്കിൽ നിന്നും പിൻവലിച്ച തുകയുടെയും നീക്കിയിരിപ്പ് നിക്ഷേപ തുകയുടെയും ഇനം തിരിച്ചുള്ള കണക്കുകളോ രേഖകളോ സൂക്ഷിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ജീവനക്കാരുടെ പേരിൽ നിയമ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണക്കുകൾ ക്രോഡീകരിച്ചുവരുന്നു.

(സി) എച്ച്.ഡി.എഫ്.സി. ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള അമ്പത്തിയഞ്ച് കോടിയോളം രൂപയിൽ നിന്നും മൂന്ന് കോടി രൂപ ജീവനക്കാർ തിരിമറി നടത്തിയതുകൊണ്ടാണ് കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതെന്ന ആക്ഷേപം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഓരോ പ്രാവശ്യവും പിൻവലിച്ച തുക, പലിശയിനത്തിൽ ലഭിച്ച തുക, നീക്കിയിരിപ്പ് നിക്ഷേപം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കാമോ?

2013 മുതൽ എച്ച്.ഡി.എഫ്.സി. ബാങ്കിൽ കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം നിക്ഷേപിച്ച തുക സംബന്ധിച്ച് കൃത്യമായ കണക്കുകൾ ക്രോഡീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത അക്കൗണ്ടിൽ തിരിമറി നടത്തിയിട്ടുണ്ടെങ്കിൽ കുറ്റക്കാരായ ജീവനക്കാരുടെ പേരിൽ നിയമ നടപടി സ്വീകരിക്കുവാനും നഷ്ടപ്പെട്ട തുക ഈടാക്കുവാനുമുള്ള നടപടി സ്വീകരിക്കാമോ?

ക്രോഡീകരിച്ച വിവരങ്ങൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## എൻ.സി.എ. ഒഴിവുകൾ സംബന്ധിച്ച് യൂണിവേഴ്സിറ്റി (രണ്ടാം ഭേദഗതി) ആക്റ്റ് 2014-ലെ വ്യവസ്ഥകൾ

126 (5189) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദി യൂണിവേഴ്സിറ്റി നിയമങ്ങൾ (രണ്ടാം ഭേദഗതി) ആക്റ്റ് 2014-ലെ വ്യവസ്ഥകൾ ഏതെല്ലാം സർവ്വകലാശാലകൾക്കാണ് ബാധകമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കേരള സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് എന്നീ സർവ്വകലാശാലകൾക്കാണ് പ്രസ്തുത വ്യവസ്ഥകൾ ബാധകമായിട്ടുള്ളത്.

(ബി) പ്രസ്തുത ആക്റ്റിൽ നിലവിലുള്ള എൻ.സി.എ. ഒഴിവുകൾ നികത്തേണ്ടതില്ലെന്ന് വ്യവസ്ഥയുണ്ടോ?

വ്യവസ്ഥയില്ല.

(സി) പ്രസ്തുത ആക്റ്റ് നിലവിൽ വന്നശേഷം ഏതെങ്കിലും സർവ്വകലാശാലകൾ അധ്യാപക നിയമനത്തിനായി എൻ.സി.എ. വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ ?

ഉണ്ട്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എൻ.സി.എ. ഒഴിവിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ

LIBRARY ARCHIVES Kerala Legislative Assembly